**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1825** **20-06-2024 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട നിയോജക മണ്ഡലത്തിൽ ഭിന്നശേഷി ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിൽ ഭിന്നശേഷി ഗ്രാമം പദ്ധതി ആരംഭിക്കുന്നതിനുള്ള ഭൂമി സാമൂഹ്യനീതി വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ തടസ്സമെന്താണ്; കൈമാറിയിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഇല്ല. കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ പാറച്ചൽ വാർഡിൽ കുളത്തുമ്മൽ വില്ലേജിൽ ബ്ലോക്ക് നം. 9-ൽ റീസർവ്വേ നമ്പർ 401/5 ൽ ഉൾപ്പെട്ട 20.20 ആർ ഭൂമിയിൽ ഭിന്നശേഷി പുനരധിവാസ കേന്ദ്രം പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് പ്രസ്തുത ഭൂമിയുടെ മുൻ ഉടമസ്ഥന്റെ ചെറുമകനും ഭിന്നശേഷിക്കാരനുമായ ശ്രീ. അഭിഷേക് ബി. എൻ. -നെക്കൂടി പുനരധിവാസ കേന്ദ്രത്തിൽ അന്തേവാസിയാക്കണമെന്ന നിബന്ധന സാമൂഹ്യനീതി വകുപ്പ് അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷി പുനരധിവാസ കേന്ദ്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന് ഭൂമി കൈമാറി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പ്രൊപ്പോസൽ നിലവിൽ നിയമ വകുപ്പ് പരിശോധിച്ചു വരുന്നുവെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രോജക്ടിനായി എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് 50 സെന്റ് ഭൂമി കൂടി വാങ്ങുന്നതിന് അനുമതി ലഭ്യമായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ എന്തായെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രോജക്ട് ഈ വർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (ബി) | ഈ പ്രോജക്ടിനായി ബഹു. കാട്ടാക്കട എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് 55 ലക്ഷം രൂപ അനുവദിക്കുകയും, തുക ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഗ്രാമപഞ്ചായത്ത് നൽകിയിട്ടുമുണ്ട്. നിർദ്ദിഷ്ട ഭൂമിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെട്ട പ്രകാരം ആയത് ലഭ്യമാക്കുന്നതിന് കാട്ടാക്കട താലൂക്ക് തഹസിൽദാർക്ക് തദ്ദേശസ്വയംഭരണ വകുപ്പ് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത സർട്ടിഫിക്കറ്റ് ലഭിച്ചാലുടൻ തുടർനടപടി സ്വീകരിക്കുന്നതാണെന്നും ആയത് 2024-25 സാമ്പത്തികവർഷം സ്പിൽ ഓവർ |

| | | | |
|---|---|---|---|
| | | | പദ്ധതിക്കായി ഉൾപ്പെടുത്തുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ